**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല**
**കോഓർഡിനേഷൻ സമിതി**

**29.10.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു.ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23.10.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** നടപ്പു സാമ്പത്തികവർഷം പദ്ധതി പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ആകെ 1000.89 കോടി രൂപ ചെലവഴിച്ചതായി യോഗത്തിൽ റിപ്പോർട്ട് ചെയ്തു. ഗ്രാമപഞ്ചായത്തുകൾ 579.30 കോടി രൂപയും, ബ്ലോക്ക് പഞ്ചായത്തുകൾ 126.07 കോടി രൂപയും, ജില്ലാ പഞ്ചായത്തുകൾ 176.73 കോടി രൂപയും, മുനിസിപ്പാലിറ്റികൾ 89.84 കോടി രൂപയും, കോർപ്പറേഷനുകൾ 28.96 കോടി രൂപയുമാണ് ചെലവിട്ടത്. ചെലവിന്റെ ശതമാനം ഗ്രാമപഞ്ചായത്തുകളിൽ 17.28 (മുൻവർഷം ഇതേ കാലയളവിൽ 18), ബ്ലോക്ക് പഞ്ചായത്തുകളിൽ 26.81 (മുൻവർഷം 30), ജില്ലാ പഞ്ചായത്തുകളിൽ 14.02 (മുൻവർഷം 17) മുനിസിപ്പാലിറ്റികളിൽ 16.02(മുൻവർഷം 15), കോർപ്പറേഷനുകളിൽ 12.40 (മുൻവർഷം 13.2) എന്നിങ്ങനെയാണ്

**2.2** ഗ്രാമപഞ്ചായത്തുകളിലെ എസ്.സി.പി, റ്റി.എസ്.പി ഭവന നിർമ്മാണ പ്രോജക്ടു കളുടെ നിർവഹണ ഉദ്യോഗസ്ഥരായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയോഗിച്ച് ഉത്തരവായെങ്കിലും തത്സംബന്ധമായ ഫയലിന്മേൽ ധനകാര്യ വകുപ്പിൽ ഇതുവരെയും തീരുമാനമാകാത്തതിനാൽ അവർക്ക് DDO കോഡ് ഇതുവരെയും നൽകിയിട്ടില്ലെന്നും അത് പദ്ധതി നിർവഹണ പുരോഗതിയെ ദോഷകരമായി ബാധിക്കുന്നു എന്നും യോഗം വിലയിരുത്തി. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് അടിയന്തിമായി DDO കോഡ് നൽകുന്നതിന് അടുത്ത മന്ത്രിസഭാ യോഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.3** തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിന് ജില്ലാതലത്തിൽ ജില്ലാകളക്ടർമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), മുനിസിപ്പിൽ റീജിയണൽ ജോയിന്റ് ഡയറക്ടർ എന്നിവരുടെ യോഗം വിളിച്ചുകൂട്ടി നടത്തിപ്പിന്റെ പുരോഗതി എല്ലാമാസവും അവലോകനം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.4** തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണ വുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ബഹു മന്ത്രിമാരും തദ്ദേശഭരണ സ്ഥാപന സംഘടനകളുടെ പ്രതിനിധികളും തമ്മിൽ നവംബർ 13 വ്യാഴാഴ്ച ചർച്ച ചെയ്യുന്നതിന് തീരുമാനിച്ചു. 23.10.2014 -ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗ തീരുമാനം (ഇനം 2.2) അനുസരിച്ച് ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പണികളുടെ ഉയർന്ന പരിധി, ഇ-ടെണ്ടർ സംബന്ധിച്ച പ്രായോഗിക പ്രയാസങ്ങൾ,

പ്രവൃത്തികളുടെ ഗുണമേന്മാ പരിശോധനാ സംവിധാനം എന്നീ വിഷയങ്ങൾ പ്രസ്തുത ചർച്ചയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ചെറുകാവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം.68070/എഫ്.എം.2/14/തസ്വഭവ)**

ചെറുകാവ് ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും മത്സര പരീക്ഷകളെ നേരിടുന്നതിമുള്ള പ്രാപ്തി വർദ്ധിപ്പിക്കുന്നതിനായി നടത്തിവരുന്ന Systematic Training for Empowerment of Pupils എന്ന പരിശീലന പരിപാടിക്ക് തനത് ഫണ്ടിൽ നിന്നും 10000 രൂപ ചെലവഴിക്കാൻ അനുവദിക്കണമെന്ന ആവശ്യം പ്രത്യേക കേസായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പൂത്തൃക്ക ഗ്രാമപഞ്ചായത്ത് (ഫയൽ നം. 62426/ഡി.എ2 /14/തസ്വഭവ)**

നാണ്യവിളകൾക്ക് സബ്സിഡി അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 അഴിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.1338/ഡി.സി.3/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടോ എന്നും അതിന് വാഹനം ആവശ്യമുണ്ടോ എന്നും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ഷൊർണ്ണൂർ നഗരസഭ (ഫയൽ നം.66357/എഫ്.എം.1/14/തസ്വഭവ)**

എസ്.സി.പി. ഫണ്ടിൽ 2014-15, 2015-16, വർഷങ്ങളിലായി പരിഹാര വകയിരുത്തൽ നടത്തണമെന്ന 21.02.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം മാറ്റേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 മങ്കട ഗ്രാമപഞ്ചായത്ത് (ഫയൽ നം.63192/ഡി.എ2/14/തസ്വഭവ)**

മുട്ടക്കോഴി വിതരണം എന്ന പ്രോജക്ടിലെ നിരക്ക് വർദ്ധനയിലെ മാറ്റം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കു വരേണ്ട വിഷയമല്ലെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കൊച്ചി കോർപ്പറേഷൻ (ഫയൽ നം. 67506/ഡി.എ1/14/തസ്വഭവ)**

സ്പിൽഓവർ പദ്ധതികളുടെ കാലാവധി നീട്ടണമെന്ന ആവശ്യം അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലേയ്ക്ക് മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ**

ഗുണഭോക്തൃസമിതികൾ മുഖേന നടത്തുന്ന പ്രവൃത്തികളുടെ പരിധിയിൽ മാറ്റം വരുത്തിയിട്ടില്ലെന്നും, 5 ലക്ഷത്തിന് രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടത്തണമെന്ന തീരുമാനത്തിന് മാറ്റം വരുത്തിയിട്ടില്ലെന്നും നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പൊതുമരാമത്ത് പ്രവൃത്തികളുടെ സാങ്കേതികാനുമതി സംബന്ധിച്ച്**

**(ഫയൽ നം. 57368/ഡി.ബി.3/14/തസ്വഭവ)**

സാങ്കേതികാനുമതി നൽകുന്നതിന് 2013-14-ൽ നിലവിലുണ്ടായിരുന്ന സ്ഥിതി പുനഃസ്ഥാപിച്ച് 03.09.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 2.7 പ്രകാരം തീരുമാനിച്ചിട്ടുള്ളതായി യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 നല്ലേപ്പള്ളി ഗ്രാമപഞ്ചായത്ത് (ഫയൽ നം.63238/ഡി.ബി.3/14/തസ്വഭവ)**

പെയിൻ ആന്റ് പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതാണ് ഉചിതമെന്നും തുടർ ചെലവുകൾ എച്ച്.എം.സി. വഹിക്കേണ്ടതാണെന്നും മുമ്പ് ഇത് സംബന്ധമായി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തിരുവനന്തപുരം ജില്ലാ കളക്ടറുടെ കത്ത് (ഫയനം.62897/ഡി.എ1/14/തസ്വഭവ)**

പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസരിച്ച് ഇപ്പോൾ തന്നെ ഗ്രാമപഞ്ചായത്തുകൾക്ക് കായിക മേഖലയിലെ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് (ഫയൽ നം.67113/ഡി.എ2/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണം- ഗാർഹിക ബയോഗ്യാസ് പ്ലാന്റും, കുഴി കമ്പോസ്റ്റും എന്ന പ്രോജക്ടിനുവേണ്ടി സർവെ നടത്തിയതിനുള്ള ചെലവ് തുക 46417 രൂപ തനത് ഫണ്ടിൽ നിന്നും വഹിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 തലശ്ശേരി തിരുവങ്ങാട് സ്പോർട്ടിംഗ് യൂത്ത്സ് ലൈബ്രറി സെക്രട്ടറിയുടെ കത്ത് (ഫയൽ നം.63354/ഡി.സി3/14/തസ്വഭവ)**

സ്പോർട്ടിംഗ് യൂത്ത് ലൈബ്രറി കെട്ടിടം ഷീറ്റ് റൂഫിംഗ് സംബന്ധിച്ച് 15.10.2014-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 പൊൻമള ഗ്രാമപഞ്ചായത്ത്**

വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ നൽകുന്നതിന് ഇപ്പോൾ തന്നെ വ്യവസ്ഥയുള്ളതായി നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്**

ഐ.എ.വൈ. വിഹിതം ഉറപ്പാക്കിയശേഷം ഗ്രാമസഭയുടെ ലിസ്റ്റ് പ്രകാരവും മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിലും ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം വിതരണം ചെയ്യാൻ അനുവദിച്ചു തീരുമാനിച്ചു. എന്നാൽ ഉപകരണങ്ങൾ നിർമ്മിക്കുന്ന സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 നന്മണ്ട ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിൽ രണ്ടാമതായി ചീക്കിലോട് പ്രദേശത്ത് അനുവദിച്ച മാവേലി സ്റ്റോറിന് കെട്ടിട വാടക നൽകുന്നത് പി.ഡബ്ല്യൂ.ഡി. നിശ്ചയിച്ച നിരക്കിൽ തനത് ഫണ്ടിൽ നിന്നുമായിരിക്കണമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്**

സംയുക്ത പ്രോജക്ടായ മലപ്പട്ടം നീന്തൽക്കുളത്തിന് 3.5 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകാൻ അനുവദിക്കണമെന്നയാവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്**

പ്രൈമറി ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുള്ള ഇരിക്കൂർ സി.എച്ച്.സി, കൂട്ടുമുഖം സി.എച്ച്.സി. എന്നിവയുടെ പുനരുദ്ധാരണത്തിന് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പള്ളം ബ്ലോക്ക് പഞ്ചായത്ത്**

പള്ളം ബ്ലോക്ക് പഞ്ചായത്ത് 2014-15 വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന സോളാർ വിളക്ക്, വൃദ്ധർക്കുള്ള ആയുർവേദ മരുന്നിന് ധനസഹായം, ആടുഗ്രാമം എന്നിവ അംഗീകരിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. പാൽ ഉൽപാദന യൂണിറ്റിന് ഉപകരണം വാങ്ങൽ എന്ന പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഗ്രാമവികസന കമ്മീഷണറോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.00ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 05.11.2014 രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***